Minister for Education, Labour and Civil Supplies **[Sri. Panampilli Govinda Menon]:**

(*a*) A representation has been received.

(*b*) The matter is under consideration.

അദ്ധ്യാപകർ

*വ ൪൯. (൭൨) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

സ്കൂൾ തുറന്ന നാലുമാസക്കാലമായിട്ടും മിക്ക സ്കൂളുകളിലും ഇനിയും അദ്ധ്യാപകരെ മുഴുവനും നിയമിച്ചുകഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുതയും, അതായത് സ്ഥലങ്ങളിൽനിന്നുള്ള പത്രറിപ്പോർട്ടുകളും ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉണ്ട്. അതിനു വേണ്ട നടപടിയും നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസാനുകൂല്യങ്ങൾ

*വ ൫ ൦. (൭൩) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

സാധു വിദ്യാർത്ഥികൾക്കു ഗവണ്മെണ്ടു നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇത്രയുമായിട്ടും നൽകാതിരിക്കുവാനുള്ള കാരണമെന്തു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): നിയമപ്രകാരം അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അതായത് വിദ്യാർത്ഥികൾക്കു നൽകുന്നുണ്ട്. നൽകാതിരിക്കുന്നതായി അറിവില്ല.

വിദ്യാഭ്യാസസഹായം

*വ ൫൨. (൭൪) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരുങ്കൊല്ലസമുദായത്തിനു ഇതുവരെ അനുവദിച്ചുവന്നിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളിൽനിന്നും അവരെ ഒഴിവാക്കാനുള്ള കാരണമെന്താണ്;

(ബി) അതു് വീണ്ടും അനുവദിച്ചുകിട്ടുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പെരുങ്കൊല്ലസമാജങ്ങളുടെ അപേക്ഷകളും നിവേദനങ്ങളും ഗവണ്മെണ്ടിനു കിട്ടുകയുണ്ടായിട്ടുണ്ടോ;

(സി) ആനുകൂല്യാടിസ്ഥാനത്തിൽ ഇക്കൊല്ലം കോളേജുകളിലും, ഹൈസ്കൂളുകളിലും ചേർന്നു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവണ്മെണ്ടിന്റെ പെട്ടെന്നുള്ള കല്പനകൊണ്ട് പഠിപ്പു തുടരുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്ന വിവരവും അവരുടെ സംഘടന മുഖേനയുള്ള നിവേദനംകൊണ്ട് ഗവണ്മെണ്ടിനെ ധരിപ്പിച്ചിട്ടില്ലേ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) മാരോ സമുദായത്തിന്റേയും സാമ്പത്തികവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പുരോഗതിയെ അടിസ്ഥാനമാക്കി, പിന്നോക്കസമുദായ ഉപദേശകസമിതി ശുപാർശചെയ്തതനുസരിച്ച്, ഗവണ്മെണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കസമുദായങ്ങളെ മൂന്നു വിഭാഗങ്ങളായി തരംതിരിച്ചതിൽ പെരുങ്കൊല്ലസമുദായം മൂന്നാം ലിസ്റ്റിലാണു് ഉൾപ്പെട്ടിട്ടുള്ളതു്. ആ ലിസ്റ്റിൽപെട്ട സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കു് നിർദ്ധനസർട്ടിഫിക്കറിനെ ആസ്പദമാക്കി മുഴുവൻ ഫീസു് സൗജന്യം നൽകിവരുന്നുണ്ടു്.

(ബി) ഉണ്ടു്.

(സി) പല നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്.

തുൽ വിതരണം

*വ ൫൨. (൭ ൫) ശ്രീ. എസ്സു്. കുട്ടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൈത്തറി നെയ്ത്തുകാരുടെ ആവശ്യത്തിനായി ഒരോ എത്ര ബെയിൽ നൂൽവീതം പ്രതിമാസം വിതരണംചെയ്യുന്നുണ്ടെന്നു കണക്കുണ്ടോ;

(ബി) അതിൽ എത്ര ബെയിൽ നൂൽ വീതം സംസ്ഥാനത്തിനു പുറത്തുനിന്നും വരുത്തുന്നുണ്ടു്;

(സി) എത്ര ബെയിൽ നൂൽവീതം സംസ്ഥാനത്തിനകത്തുള്ള മില്ലിൽ നിന്നും ഉൽപാദിപ്പിക്കുന്നു;

(ഡി) മുകളിൽ ബി–യിലും സി–യിലും ഉദ്ധരിക്കുന്ന കണക്കുകൾ പൊതുജനങ്ങളുടെ അറിവിനായി അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്താമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ടു്.

(ബി) പ്രതിമാസം ൫ ൦ ൦ ബെയിൽ മുതൽ ൭ ൦ ൦ ബെയിൽവരെ കിട്ടിവരുന്നു.

(സി) പ്രതിമാസം ൪൦൦ ബെയിൽ മുതൽ ൪ ൫ ൦ ബെയിൽവരെ കിട്ടുന്നുണ്ടു്.

(ഡി) പ്രസിദ്ധപ്പെടുത്താവുന്നതാണു്.

നൂൽ വിതരണം

*വ ൫൩. (൭൩) ശ്രീ. എസ്. കുട്ടൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി സ്വയം മറുപടി പറയുമോ.—

സംസ്ഥാനത്തിനകത്തു ഏതെങ്കിലും ഡിസ്ട്രിക്ടിൽ നൂൽ ഉല്പാദകരെത്തന്നെ വിതരണത്തിനും ചുമതലപ്പെടുത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): തിരുവനന്തപുരത്തുള്ള വിജയമോഹിനിമില്ലിൽ ഉല്പാദിപ്പിക്കുന്ന ൨൦-ാംനമ്പർ നൂൽ അവർതന്നെ തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ൧൯ ൫ ൦ അവസാനംവരെ വിതരണംചെയ്യുന്നതിനു് അനുവദിച്ചിട്ടുണ്ടു്.

നൂൽ

*വ ൫൪. (൭൭) ശ്രീ. എസ്സു്. കുട്ടൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഇപ്പോൾ ഒരു തറിഉടമസ്ഥനു എത്ര കഴിനൂൽ വീതമാണു് ഒരു മാസം കൊടുക്കുന്നതു് എന്നു ഗവൺമെണ്ടിനു അറിയാമോ; അതുകൊണ്ടു് തറിഉടമസ്ഥനു് തൊഴിൽ നടത്തുവാൻ സാധ്യമല്ലെന്നു ഗവൺമെണ്ടിനു അറിവുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly